LIBRARY ARCHIVES Kerala Legislative Assembly

ചെക്പോസ്റ്റ് വിവരങ്ങൾ, വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ, റെയിൽവേ പോർട്ട് വഴി ചരക്കുകൾ കൊണ്ടുവന്ന വിവരങ്ങൾ എന്നിവയിലൂടെ ലഭ്യമാകുന്ന വിശദാംശങ്ങൾ സംയോജിപ്പിച്ച് ഓരോ മേഖലയിലുള്ള (വാങ്ങലുകളും വിൽപനകളും, അധികമായി എടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, നികുതി ഇളവുകൾ/ഒഴിവുകൾ) വിവരങ്ങൾ സ്വയം നികുതി നിർണ്ണയം നടത്തിയ റിട്ടേണുമായി താരതമ്യപ്പെടുത്തി വ്യത്യാസം വരുന്ന സംഖ്യകൾ ഓരോ ശീർഷകത്തിലുമായി മോഡ്യൂൾ വഴി രൂപപ്പെടുത്തിയ നോട്ടീസിൽ കാണിക്കുകയുണ്ടായി. ഇത് ഉദ്യോഗസ്ഥർ സ്വയം വിശകലനം ചെയ്ത ശേഷമേ വ്യാപാരികൾക്ക് നൽകാവൂ എന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നോട്ടീസുകളിൽ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് വ്യാപാരികൾക്ക് മറുപടി നൽകുവാൻ ഹിയറിംഗിനുള്ള അവസരവും ലഭ്യമാക്കിയിട്ടുണ്ട്.

പെട്രോൾ-ഡീസൽ വില വർദ്ധനയും അധിക വരുമാനവും

82(3513) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെട്രോൾ-ഡീസൽ വില വർദ്ധനയുടെ ഭാഗമായി കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സംസ്ഥാന സർക്കാരിനുണ്ടായ അധികവരുമാനവും നൽകിയ നികുതിയിളവും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

പെട്രോൾ-ഡീസൽ വിലവർദ്ധനവിന്റെ ഭാഗമായി കഴിഞ്ഞ 10 വർഷക്കാലയളവിൽ സംസ്ഥാന സർക്കാരിനുണ്ടായ അധികവരുമാനത്തിന്റെയും നൽകിയ നികുതിയിളവിന്റെയും സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ജി.എസ്.ടി. -യിൽ ഇളവ്

83(3514) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ കാരണം കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് ഏകദേശം 25000 കോടി രൂപയുടെ നഷ്ടം സംഭവിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ മേഖലയിലുണ്ടായ നഷ്ടം കണക്കാക്കപ്പെട്ടിട്ടില്ല. ഇത്തരത്തിൽ ഉൽപ്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെ പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട് (30-6-2021-ലെ സ.ഉ(സാധാ) 666/2021/വ്യവ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*)

1. കോവിഡ്-19 ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ. യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യമാക്കും.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

(ബി) ലോക്ക്ഡൗൺമൂലം വ്യാപാരികൾ പ്രതിസന്ധി നേരിടുമ്പോൾ ജി.എസ്.ടി. പിരിവ് കർശനമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ജി.എസ്.ടി. നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ കർശനമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ജി.എസ്.ടി. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച രീതിയിൽ വർദ്ധനവുണ്ടായിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ 14% വാർഷിക വർദ്ധനവ് അനുസരിച്ച് അഞ്ചു വർഷത്തേക്ക് പ്രഖ്യാപിക്കപ്പെട്ട നഷ്ടപരിഹാരം നിലവിൽ കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാകുന്നുണ്ട്. ഇതിന്റെ കാലാവധി 2022-ൽ അവസാനിക്കും. ഈ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് പൂർണ്ണമായും കണ്ടെത്തി തടയേണ്ടത് അത്യാവശ്യമാണ്. വ്യാപാരികളെ ബുദ്ധിമുട്ടിക്കാത്ത തരത്തിൽ നികുതി വെട്ടിപ്പിനെ സംബന്ധിച്ച വ്യക്തമായ വിവരങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ മാത്രം നടപടികൾ സ്വീകരിക്കുകയാണ് ചെയ്തുവരുന്നത്.

(സി) രണ്ടു മാസത്തെ ലോക്ക്ഡൗൺമൂലം വ്യാപാരികൾക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ച സാഹചര്യത്തിൽ ജി.എസ്.ടി. -യിൽ അടക്കം ഇളവുകളും സാവകാശവും നൽകാൻ തയ്യാറാകുമോ?

1-6-2021-ലെ കേന്ദ്ര വിജ്ഞാപനം 18/2021, 19/2021 എന്നിവ പ്രകാരം 2021 ഏപ്രിൽ, മേയ് മാസങ്ങളിലെ GSTR 3B റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന്മേലുള്ള സമയം നീട്ടിക്കൊടുക്കുകയും ലേറ്റ് ഫീയിലും പലിശ നിരക്കിലും കുറവ് വരുത്തുകയുമുണ്ടായിട്ടുണ്ട്. ജി.എസ്.ടി നിയമത്തിൽ ഇളവുകൾ പ്രഖ്യാപിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് മാത്രമായി അധികാരമില്ല. ജി.എസ്.ടി. കൗൺസിലാണ് ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത്. വ്യാപാരി ക്ഷേമ ബോർഡിൽ അംഗങ്ങളായ വ്യാപാരികൾക്ക് വാർഷിക അംഗത്വം പുതുക്കുന്നതിനുള്ള പിഴ ഒഴിവാക്കുകയും കാലാവധി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1000 രൂപ കോവിഡ് ധനസഹായവും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly